# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ആരോഗ്യവകുപ്പിൽ ജില്ലാ മെഡിക്കൽ ഓഫീസുകളിലെ അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തിക നിർത്തലാക്കിയതിനാൽ ജീവനക്കാരെ പുനർ വിന്യസിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ(കൈ) നം. 141/23/ആ.കു.വ തീയതി. 19/06/2023
2.ഉത്തരവ് നം. EH1-11956/23/ആ.വ.ഡ തീയതി. 02/09/2023

**ഉത്തരവ് നം : ഇ.ജി 2 -9239/23 ആ.വ.ഡ തിയതി : 06-01-2025**

സർക്കാരിന്റെ വിവിധ വകുപ്പുകളിൽ വൈജ്ഞാനിക ഭരണ നിർവഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ജോലി ഭാരത്തിനനുസരിച്ചു തസ്തികകൾ ക്രമീകരിക്കുകയും അധിക തസ്തികകൾ കണ്ടെത്തുകയും ചെയ്യുന്നതിന്റെ ഭാഗമായി പരാർശം (1) പ്രകാരം ആരോഗ്യവകുപ്പിൽ 113 തസ്തികകൾ നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .ഇതിൽ 14 അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികയും ഉൾപ്പെടുന്നു. നിർത്തലാക്കിയ 14 അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികകൾ 14 ജില്ലാ മെഡിക്കൽ ആഫീസിലെ അസിസ്റ്റന്റ ലെപ്രസി ഓഫീസർ തസ്തികകൾ ആണ് എന്ന പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
ഈ സാഹചര്യത്തിൽ നിലവിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികയിൽ ജോലി നോക്കുന്ന താഴെ പറയുന്ന ജീവനക്കാരനെ ജില്ലാ മെഡിക്കൽ ഓഫീസുകൾ ഒഴികെ അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികയിൽ ഒഴിവ് നിലനിൽക്കുന്ന സ്ഥാപനങ്ങളിലേക്ക് താഴെ പറയും പ്രകാരം പുനർവിന്യസിച്ചു ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിലെ സ്ഥാപനം | പുനർവ്യന്യസത്തിലൂടെ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|
| 1 | സാബു.V | ജില്ലാ മെഡിക്കൽ ആഫീസ് തൃശ്ശൂർ | ജനറൽ ആശുപത്രി , ആലപ്പുഴ |

ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

Signed by
Reena K J
Date: 06-01-2025 12:37:56

**ഡോ. റീന.കെ.ജെ**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാരൻ

പകർപ്പ് : 1.ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം),തൃശ്ശൂർ,ആലപ്പുഴ
2.സൂപ്രണ്ട്,ജനറൽ ആശുപത്രി , ആലപ്പുഴ
3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈററ്.
4.ഫയൽ/കരുതൽ ഫയൽ